
ജോർജ്ജിയൻ
GEORGIAN VOICE വോയ്സ്

ലക്കം 5 ഫെബ്രുവരി 2013 പുസ്തകം 2



യൂത്ത് അസോസിയേഷൻ പ്രസിദ്ധീകരണം
സെന്റ് ജോർജ്ജ് യാക്കോബായ സിറിയൻ കത്തീഡ്രൽ
കരിങ്ങാച്ചിറ



നമ്മുടെ കത്തീഡ്രലിൽ നിന്നും മഞ്ഞനിക്കര തീർത്ഥയാത്ര പുറപ്പെട്ടപ്പോൾ




AMBULANCE
MOBILE FREEZER
call: 99957 55955

നമ്മുടെ കത്തീഡ്രലിൽ ആംബുലൻസ്, മൊബൈൽ ഫ്രീസർ എന്നീ സേവനങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ വിളിക്കുക.



# ജോർജ്ജിയൻ വോയ്സ്


**എഡിറ്റോറിയൽ ബോർഡ്
അംഗങ്ങൾ**

**ചെയർമാൻ**
റവ. ഫാ. ഷമ്മി ജോൺ എരമംഗലം
**വൈസ് ചെയർമെൻ**
റവ. ഫാ. റോയ്പോൾ വെട്ടിക്കാട്ടിൽ
റവ. ഫാ. വർഗീസ് പുലയത്ത്
**ഉപദേശക സമിതി**
റവ. ഫാ. വർഗീസ് പുലയത്ത്
റവ. ഫാ. സഖറിയ ഓണേരിൽ
**മാനേജിംഗ് എഡിറ്റർ**
റവ. ഫാ. സെബുപോൾ
**ചീഫ് എഡിറ്റർ**
യൽദോ ജോർജ്ജ്
**പ്രിന്റർ & പബ്ലിഷർ**
ഷൈജു പി. കെ.
**സബ് എഡിറ്റേഴ്സ്**
രൺജി പോൾ
മാത്യു പോൾ


## ഫെബ്രുവരി 2013

## ഇതളുകൾ വിരിയുമ്പോൾ


- എഡിറ്റോറിയൽ
- ജീവന്റെ അപ്പം
- കഥയറിയാതെ
- എന്നെ കൂടുകളിലാക്കി
- വചനം ആത്മാവിന്റെ ആയുധമാണ്. വചനമാകുന്ന വാൾ എടുക്കുക
- ഓമല്ലൂർ ബാവായും കരിങ്ങാച്ചിറപ്പള്ളിയും
- വാർത്തകൾ
- നമ്മുടെ കത്തീഡ്രലിൽ ഇടവകസംഗമം വർണ്ണശോഭയിൽ
- കുടുംബയൂണിറ്റ് വാർത്തകൾ



ചീഫ് എഡിറ്റർ
ജോർജ്ജിയൻ വോയ്സ്
സെന്റ് ജോർജ്ജ് കത്തീഡ്രൽ
കരിങ്ങാച്ചിറ - 682 309
E-mail: georgianvoice@stgeorgecathedral.in
www.stgeorgecathedral.in



# എഡിറ്റോറിയൽ

## അധികാരങ്ങളും അംഗീകാരങ്ങളും ഭ്രമിപ്പിക്കുന്ന ഒരു കാലത്താണ് നമ്മുടെ ജീവിതം.

അച്ഛൻ പീഠത്തിൽ
മകൻ താഴെയും

എന്ന പഴയ പാഠംമാറുകയും അച്ഛന്റെ പീഠത്തേക്കാൾ ഉയർന്ന ഇരിപ്പിടങ്ങൾക്കായ് പുത്രൻ പരിശ്രമിക്കുകയും ചെയ്യുന്ന അധ്വാനനൈരന്തര്യത്തിന്റെ യഥാർത്ഥ ലോകത്ത് ജീവിതം കഴിച്ചു കൂട്ടുകയാണ് നമ്മൾ.

അനുസരണത്തിന്റെയും വിധേയത്വത്തിന്റെയും പരിപാലനത്തിന്റെയും പാഠങ്ങൾ മറക്കുകയും സ്വയം പര്യാപ്തതയുടെ മൂഢതയിൽ ഉയർന്നു നിൽക്കുകയുമാണ് ഈ തലമുറ.

വിശപ്പിന്റെ ശമനത്തിന് വീട്ടിലെ അടുക്കളയ്ക്കകത്തുനിന്നും അമ്മയുടെ കൈയിൽ ഉണ്ടാക്കപ്പെടുന്ന ഭക്ഷണത്തെ ആശ്രയിച്ചിരുന്ന കാലഘട്ടത്തിൽ നിന്നും കറൻസി കൊടുത്താൽ കരഗതമാക്കാവുന്ന ഫാസ്റ്റ് ഫുഡിലേയ്ക്ക് എത്തി നാം വികസിതരാവുമ്പോൾ, ഭക്ഷണം തരുന്ന കൈകളോടുള്ള വിധേയത്വം ഇല്ലാതെ യാവുകയും പരസ്പര ബന്ധം എന്നത് കേവലം കറൻസിയുടെ വലിപ്പത്തെ മാത്രം ആശ്രയിച്ചാവുകയും ചെയ്യുന്നു.

വിവരസാങ്കേതിക വിദ്യയുടെ വിസകനത്തിൽ ഓരോരുവനും അവനവന്റെ സ്വന്തം മൊബൈൽ ഫോണും, ഇ-മെയിലും ഉണ്ടാകുന്നത് വികസനത്തിന്റെ പരിപ്രേഷ്യമാണ്. ദരിദ്ര്യ ഇന്ത്യ മൊബൈൽ ഫോണുകളുടെ എണ്ണത്തിൽ സമ്പന്നമാണന്ന് കണക്കുകൾ ചൂണ്ടു മ്പോൾ രഹസ്യങ്ങളുടെ എണ്ണം വർദ്ധിക്കുന്നുവെന്ന വാസ്തവം നമ്മെ ചൂണ്ടുന്നു.

മറ്റൊരു വികസനം സ്വകാര്യ വാഹനവർദ്ധനവാണ്. പ്രത്യേകിച്ച് സ്ത്രീകൾ ഉപയോ ഗിക്കുന്ന വാഹനങ്ങൾ ഇന്ന് കൂടുതലായിക്കൊണ്ടിരിക്കുന്നു. സ്ത്രീശാക്തീകരണത്തിന്റെ വിജയമായി ഇത് ചൂണ്ടിക്കാണിക്കും. എന്നാൽ ഒരേ വഴിയിൽ ഒരേ സമയത്ത് രണ്ടുവാഹന ങ്ങളിലായി സഞ്ചരിക്കേണ്ടി വരുന്ന കുടുംബങ്ങളെ നാം നിരീക്ഷിക്കുമ്പോൾ ഉത്തരവാദിത്വ ങ്ങളിൽ നിന്നും വിമുഖരാവുന്നതാണോ ഇതിനു കാരണം എന്നുകൂടി അറിയേണ്ടിയിരിക്കു ന്നു.

പരസ്പരാശ്രിതത്വവും പരസ്പര സഹകരണവുമാണ് കുടുംബജീവിതത്തിന്റെ വിജ യമന്ത്രം എന്നിരിക്കേ, ഓരോരുവനും അവനവന് എന്ന പുത്തൻ മന്ത്രം ഉണ്ടാക്കുന്ന അസ്വാര സ്യങ്ങൾ ചില്ലറയല്ല. ഒരാൾ മറ്റൊരാളെ ആശ്രയിക്കുകയും അംഗീകരിക്കുകയും പരിപാലിക്കു കയും ചെയ്യേണ്ടിയിരിക്കുമ്പോൾ മാത്രമേ ഒരു കുടുംബജീവിതം പൂർണ്ണമായും വിജയമാകുക യുള്ളൂ.

സ്വാതന്ത്ര്യം ആവശ്യത്തിനാണ് വേണ്ടത്. അവ അനാവശ്യസൃഷ്ടികൾക്ക് ഹേതുവാ കരുത്. അധികാരം പ്രയോഗിക്കുന്നയാൾ കൈകഴുകി ഒഴിവാക്കുന്ന അധികാരമല്ല ശീലിക്കേ ണ്ടത്. പ്രത്യുത കാൽകഴുകി സ്വീകരിക്കുന്ന അധികാരത്തെയാണ് സ്വായത്തമാക്കേണ്ടത്.

# ജീവന്റെ അപ്പം



തുടർച്ച

## വി. കുർബാനവ്യാഖ്യാനം

ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പാ മൂലയിൽ

അപ്പവീഞ്ഞുകൾ എങ്ങനെതിരുശരീര രക്തങ്ങളാകുന്നു? സൃഷ്ടിയുടെ ആരംഭം മുതൽക്കേ വചനം മുഖാന്തിരമുണ്ടായിട്ടുള്ള രൂപഭാവങ്ങൾക്കു വി.ഗ്രന്ഥം സാക്ഷ്യം നല്കുന്നു. സകലവും വചനത്താൽ രൂപപ്പെടുത്തുകയും അതേ വചനത്താൽ ക്രമീകൃതമാവുകയും ചെയ്യുന്നു. യോഹന്നാന്റെ സുവിശേഷം ആരംഭിക്കുന്നതുതന്നെ വചനത്തിന്റെ നിത്യതയെ സാക്ഷിച്ചുകൊണ്ടാണ്. ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടു കൂടിയായിരുന്നു. വചനം ദൈവമായിരുന്നു. സകല വും അവൻ മുഖാന്തരം ഉളവായി. ഉളവായതൊന്നും അവനെകൂടാതെ ഉളവായതല്ല. (യോഹ.1.1-3) ഈ വചന*മായ ക്രിസ്തു അപ്പവീഞ്ഞുകൾ തിരുശരീരമാകുന്നു എന്ന് കല്പിച്ചു. അവ അപ്രകാരമായിത്തീർന്നു എന്നു സഭ വിശ്വസിക്കുന്നു. ഈ മാറ്റം ശാസ്ത്രനിരീക്ഷണ പരീക്ഷണങ്ങൾ കൊണ്ട് ഗ്രഹിക്കാവുന്നതല്ല. അപ്രകാരം ഗ്രഹിക്കുവാൻ സാദ്ധ്യമല്ലാത്തതൊക്കെ അയഥാർത്ഥമാണെന്ന് ശാസ്ത്രജ്ഞന്മാർക്കുപോലും പറയുവാൻ സാദ്ധ്യ മല്ലാതിരിക്കെ ഒരു വിശ്വാസിക്കു ചിന്തിക്കുവാൻ പോലും സാധ്യമല്ല. (ശാസ്ത്ര ഗവേഷണങ്ങൾക്കും നിഗമനങ്ങൾക്കും അടിസ്ഥാനം ലബോറട്ടറി പരീക്ഷണങ്ങളും ഉപകരണങ്ങളുമാണെങ്കിൽ ദൈവീക കാര്യങ്ങൾ ഗ്രഹിക്കുവാൻ വേണ്ട ലബോറട്ടറി വിശ്വാസവും സമർപ്പണവും സമർപ്പണവും ഉപകരണങ്ങൾ പ്രാർത്ഥനയും നോമ്പും മറ്റുമാണ്.) ഈ വചനത്താലുള്ള അധികാരമാണ് കർത്താവ് ശിഷ്യന്മാർക്കും അവർ മുഖാന്തിരമായി വി.സഭയ്ക്കും നല്കിയിരിക്കുന്നത്.

ക്രിസ്തുവിനുവേണ്ടി സ്ഥാനാപതികളായിരിപ്പാനും ക്രിസ്തുവിന്റെ ശുശ്രൂഷകരും ദൈവീക രഹസ്യങ്ങളുടെ ഗൃഹവിചാരകന്മാരും ആയിരിപ്പാനും വേണ്ടി ശ്ലീഹന്മാരേയും ശ്ലീഹന്മാർ അനന്തരഗാമികളേയും നിയമിച്ചാക്കി. പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു. (യോഹ. 20-21) എന്ന് കല്പിച്ച് ശ്ലീഹന്മാരെ നിയോഗിക്കുവാനുള്ള നിയോഗവും അവരെ എൽപിക്കുന്നതായി വേണം ചിന്തിക്കുവാൻ. പിതാവ് പുത്രനെ ലോകത്തിലേക്കയച്ചതു പാപബന്ധനത്തിൽനിന്നും ലോകത്തെ വിമോചിപ്പിക്കുവാനായിരുന്നു. ആ വിമോചന മാർഗ്ഗം കർത്താവിനെ ഉൾക്കൊള്ളുക എന്നതു മാത്രമാണെന്നു താൻ കല്പിച്ചിരിക്കുന്നു. അതേ വിമോചനമാർഗ്ഗം ഭൂലോകത്തിന്റെ അറുതിക ളോളം വിതരണം ചെയ്യുവാനും താൻ വീണ്ടും വരുന്നതുവരെയും അതി നിർവിഘ്നം നിർവ്വഹിക്കുവാനുമാണ്. ശ്ലീഹന്മാരെ ഭാരമേൽപിച്ചത്. ആ പ്രത്യേക നൽവരത്തിന്റെ അധികാരത്തിലാണ് ആചാര്യന്മാർ തിരുശരീരരക്തങ്ങൾക്കു മധ്യവർത്തികളായി നിന്നു വിശ്വാസികൾക്കായി വിഭജിച്ചു നൽകുന്നത്.

ഈ ദൈവീക രഹസ്യങ്ങളുടെ സ്വീകരണം മതിയായ ഒരുക്കത്തോടും ശരീരാത്മ വെടിപ്പോടും കൂടി ആയിരിക്കണമെന്ന് പൗലോശ്ലീഹാ പ്രത്യേകമായി അനുശാസിക്കുന്നുണ്ട്. നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴെല്ലാം കർത്താവ് വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു.അതുകൊണ്ട് അയോഗ്യമായി അപ്പം തിന്നുകയോ പാനപാത്രം കുടിക്കുകയോ ചെയ്യുന്നവർ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ച് കുറ്റക്കാരൻ ആകും. മനുഷ്യൻ തന്നെത്താൻ ശോധനചെയ്തിട്ടു വേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽനിന്നു കുടിക്കുകയും ചെയ്യുവാൻ. തിന്നുന്നവൻ ശരീരത്തെ വിവേചിക്കാഞ്ഞാൽ തനിക്കു ശിക്ഷാവിധി തിന്നുകയും കുടിക്കുകയും ചെയ്യുന്നു. ഇതു ഹേതുവാൽ നിങ്ങളിൽ പലരും ബലഹീനരും രോഗികളും ആകുന്നു. അനേകരും നിദ്രകൊള്ളുന്നു. (1 കൊരി.11 .26-30)എപ്രാകാരമെല്ലാം ഒരുക്കത്തോടു കൂടിയായിരിക്കണം വി.രഹസ്യങ്ങളെ സമീപിക്കേണ്ടതെന്ന് ഇവിടെ വ്യക്തമായി നിർദ്ദേശിക്കുന്നു. തന്നെത്താൻ ശോധനചെയ്തിട്ട് ഒരുക്കം ഉള്ളവനെന്നു ബോധ്യം വന്നാൽ നിശ്ചയമായും വി.കുർബ്ബാനഅനുഭവിക്കാം. വി.കുമ്പസാരം പാപമോചനത്തിന്റെ കൂദാശയാകുന്നു. (യാക്കൂബ് 5.14-15) എന്നാൽ ആ കൂദാശ പൂർത്തീകരിക്കപ്പെടുന്നത് വി.കുർബ്ബാനാനുഭവത്തോടുകൂടിയാണ്. (വി.കുമ്പസാരം പാപ ബോധം വരുന്ന സന്ദർഭത്തിൽ നടത്തേണ്ടതാകുന്നു. "ആണ്ടു കുമ്പസാരം എന്നും പെസഹ" കുർബ്ബാന കൈക്കൊള്ളൽ എന്നും ഉള്ള വാർഷിക ചടങ്ങിൽ കുടുങ്ങിക്കിടക്കുന്നവർക്കു കുർബ്ബാന സ്വീകരിക്കുവാനുള്ള മറ്റൊരു ചടങ്ങാണു വി.കുമ്പസാരം.

കഥ

# കഥയറിയാതെ

(ഒ.സി. വർഗ്ഗീസ്, ഓണേരിൽ)

ശാന്തസുന്ദരമായ ഒരു കൊച്ചു ഗ്രാമം. കൊച്ചുകൊച്ചു കർഷകകുടുംബങ്ങൾ. ആ ദേശത്തിനാകെ ശാന്തിയും സമാധാനവും പകർന്ന് നൽകാൻ ഒരു കൊച്ചു ദൈവാലയം. സൗമ്യനും സ്നേഹധനനുമായ ദൈവീക ശ്രേഷ്ഠൻ. ഞായറാഴ്ചകളിൽ വിശുദ്ധ ആരാധനയിൽ എല്ലാ വിശ്വാസികളും സർവ്വാത്മനാ പങ്കെടുക്കും. വി. ആരാധനയിൽ ശുദ്ധമായ വായ്പ്പാട്ട് താളനിബദ്ധമായ ആലാപനം.

വൈദീകന്റെ ഇമ്പകരമായ വിശുദ്ധ കുർബ്ബാന. അച്ചടക്കവും അനുസരണയുമുള്ള ജനം. വി.കുർബ്ബാന ഇവിടെ ഒരുഅനുഭൂതിയാണ്, ഒരു നിറവാണ്, നിർവൃതിദായകമാണ്.

തെളിഞ്ഞ കാലാവസ്ഥയിലെ ഒരു ഞായറാഴ്ച. വിശ്വാസികൾ ദൈവാലയത്തിൽ എത്തിത്തുടങ്ങി. പള്ളിയകത്ത് തെക്കുകിഴക്കേ അരികിൽ മദ്ബഹായ്ക്ക് മുൻപിൽ ഒരു നാടക സ്റ്റേജിനെ അനുസ്മരിപ്പിക്കുന്ന രംഗസജ്ജീകരണങ്ങൾ കാണാം. അവിടെ ഏതാനും യുവതീയുവാക്കൾ. കുറച്ചുപേർ കിഴക്കോട്ട് തിരിഞ്ഞു നിൽക്കുന്നു. ചിലർ വടക്കോട്ട്. മറ്റുചിലർ കിഴക്കോട്ടാണോ തെക്കോട്ടാണോ എന്നു പറയുവാൻ പറ്റാത്തവിധം നിലയുറപ്പിച്ചിട്ടുണ്ട്. സംഗീത ഉപകരണങ്ങൾ മൈക്ക് സ്റ്റാന്റുകൾ. സംഗീതോപകരണങ്ങൾ മുറുമുറുക്കുന്നു. ഒരാൾ മൈക്ക് ടെസ്റ്റിങ്ങിലാണ്. ബാക്കി പേർ സൊറ പറയുന്നു.

വി. കുർബ്ബാനക്കു വന്ന വിശ്വാസികൾക്ക് ഒന്നും മനസ്സിലാകുന്നില്ല. ഇതെന്തിനുള്ള പുറപ്പാടാണ്. സംഗീത ഉപകരണസമേതമുള്ള ഗായക സംഘത്തെ ശക്തിയായി എതിർക്കുന്ന അച്ചൻ എങ്ങനെഈ മാമാങ്കത്തിന് അനുമതി നൽകി.

പ്രഭാത പ്രാർത്ഥന ആരംഭിച്ചു. ........ ഗീതം തുടങ്ങിയതും അച്ചനുൾപ്പെടെ എല്ലാവരും ഞെട്ടി. കിണുങ്ങിക്കൊണ്ടിരുന്ന സംഗീതോപകരണങ്ങൾക്ക് ഒരലർച്ച. കഥയറിയാതെ ജനം നിശബ്ദം തരിച്ചുനിന്നു.

ഗായകസംഘം അവരുടെ സാന്നിദ്ധ്യം അറിയിച്ചു. സംഘത്തിലെ ചിലർ പാടുന്നതിനോടൊപ്പം ആടുന്നു. ചിലർ ശരീരം കുലുക്കുന്നു. ചിലർ കാലുകൾ കൊണ്ട് താളം ചവിട്ടുന്നു. ഇത് വി. ആരാധനയോ, സംഗീതനാടകമോ?

ഇമ്പകരമായ തന്റെ വി.കുർബ്ബാന കാസറ്റിലാക്കാൻ അനുവാദം നൽകുക വഴി എത്ര വലിയ ഒരു വൈതരണിയിലാണ് അച്ചൻ അകപ്പെട്ടിരിക്കുന്നത്.

ഇതെന്തുതരം ഗീതങ്ങൾ? സഭ അനുശാസിക്കുന്ന അതിശ്രേഷ്ഠവും ശ്രുതിമധുരവുമായ നിറങ്ങളെവിടെ. ആസുരവാദ്യഘോഷങ്ങളോടെ ഗായകസംഘം അരങ്ങേറുന്ന ഗാനമേളയെവിടെ?

വി.കുർബ്ബാനയിലുടനീളം പുതുപുത്തൻ രീതികളാണ് സംഘം സന്നിവേശിപ്പിച്ചിരിക്കുന്നത്. എന്തിനേറെ കുറിയേലൈസോൻ എന്ന പ്രതിവാക്യം പോലും 'കൊച്ചുകല്യാണി' രാഗത്തിലാണ് തട്ടിമൂളിക്കുന്നത്.

ജനം കണ്ടും കേട്ടും നിശബ്ദം നിന്നു. വി. ആരാധനയിൽ അവശ്യം ആവശ്യമായ കൂട്ടായ്മയുടെ അംശമാണ് നഷ്ടമാകുന്നത്.

ഗായകസംഘത്തിന്റെ അത്യന്താധുനിക തയ്ക്കൊപ്പമെത്താൻ ചെറുപ്പക്കാർക്ക് പോലും കഴിയുന്നില്ലെന്നിരിക്കെ ശുദ്ധ ഗ്രാമീണരായ പ്രായം ചെന്നവരുടെ കാര്യം പറയാനുണ്ടോ?

അച്ചനും ഗായകസംഘവും മാത്രം. അതെ അവർ മാത്രം സംഘം ചേർന്ന് വി.കുർബ്ബാന അവസാനിപ്പിച്ചു!

വിശ്വാസികൾ കേവലം മൂകസാക്ഷികൾ. *അഗ്നിമയന്മാർ ആരെനോക്കിൽ വിറച്ചിടുന്നു......... എന്ന് ഗായകസംഘം അടിച്ച് പൊളിച്ച് പാടിയപ്പോൾ ഒരു വല്യപ്പൻ ഒട്ടുറക്കെ ആത്മഗതം ചെയ്തു.

"ഇവരെ, ഈ പാട്ടുകാരെ നോക്കി" നന്ദിപ്രകടനങ്ങളോടെ ഗായകസംഘം മടങ്ങി.

അച്ചൻ തികച്ചും അസ്വസ്ഥനായിരുന്നു. ഗായകസംഘത്തിന്റെ പ്രകടനവും വി.കുർബ്ബാന യിലുടനീളം നിശബ്ദരായി നിന്ന ജനങ്ങളുടെ തണുത്ത പ്രതികരണവും അച്ചനെ ദു:ഖിതനാക്കി. അദ്ദേഹത്തിന്റെ ഉള്ളിന്റെ ഉള്ളിൽ ഒരു പോറലേറ്റു.

ഉച്ചയൂണിനുശേഷം അച്ചൻ ഒന്നു മയങ്ങി. ഏതോ ദുസ്വപ്നങ്ങൾ അച്ചനെഅലട്ടി. പതിവു പോലെ അച്ചൻ ഭവനസന്ദർശനത്തിനിറങ്ങി.

അച്ചൻ പെട്ടെന്നു നിന്നു. തൊട്ടടുത്തുനിന്ന് വി.കുർബ്ബാന കേൾക്കുന്നു. വൈകുന്നേരം ഈ ഗ്രാമത്തിലൊരു വി.കുർബ്ബാനയോ? ഞെട്ടലോടെ തന്റെ ശബ്ദം അച്ചൻ തിരിച്ചറിഞ്ഞു. അന്നു രാവിലെ താൻ അർപ്പിച്ച വി.കുർബ്ബാന!

തിടുക്കത്തിൽ അച്ചൻ ആ വീട്ടിലേക്ക് കയറി. വല്ലാത്തൊരു കാഴ്ച.

വി. കുർബ്ബാന കാസറ്റിലാക്കാൻ അനവാദ ത്തിനു തന്നെ സമീപിച്ച യുവാക്കൾ ഒരു മേശയ്ക്കു ചുറ്റും. മേശമേൽ വിഭവങ്ങൾ. യുവാ ക്കളുടെ കൈകളിൽ മദ്യഗ്ലാസ്സുകൾ. ഒരാൾ മദ്യഗ്ലാസ്സ് രണ്ടു കൈകളിൽ ഉയർത്തിപ്പിടിച്ചി രിക്കുന്നു. ടേപ്പ് റെക്കോർഡറിൽ നിന്ന് ഒഴുകി വീഴുന്ന വാചകങ്ങൾ വീർപ്പുമുട്ടലോടെ അച്ചൻ കേട്ടു. അപ്രകാരം തന്നെ വീഞ്ഞും വെള്ളവും ചേർത്ത് കലർത്തിയ കാസായും തൃക്കരങ്ങളിൽ എടുത്ത് വാഴ്ത്തി ശുദ്ധീകരിച്ചു.....

വി. കുർബ്ബാനയിലെ ഉദാത്തവും അത്യന്തം മർമ്മപ്രധാനവുമായ ധന്യമുഹൂർത്തം. അതിനെ യാണിവർ അപമാനിക്കുന്നത്. അവഹേളിക്കു ന്നത്.

അച്ചൻ വിയർത്ത് വിവശനായി. യുവാ ക്കൾ ഭയത്തോടെ എഴുന്നേറ്റു. മദ്യഗ്ലാസ്സുകൾ മേശമേൽ വച്ചു.

അച്ചൻ ടേപ്പ് റെക്കോർഡറിൽ നിന്ന് കാസറ്റ് മോചിപ്പിച്ചെടുത്തു. അത്യന്തം രോഷത്തോടെ അത് തറയിൽ ആഞ്ഞെറിഞ്ഞു. സ്റ്റൂളുകൾ രണ്ടു ദിശകളിലേക്ക് ദ്രുതഗതിയിൽ ഓടിയകന്നു. വട്ടം കറങ്ങി. രണ്ടും ഒരേ സ്ഥാനത്ത് യോജിച്ച് തറയിൽ കൂട്ടിമുട്ടി വീണു വിശ്രമിച്ചു.

കാറ്റിൽ ഇളകിയാടുന്ന അതിദീർഘമായ ടേപ്പ് തറയിൽ നിന്നും അച്ചൻ എടുത്തു. ആവേശ ത്തോടെ അതൊരായിരം കഷണങ്ങളാക്കി നില ത്തെറിഞ്ഞു. ശേഷം ശാന്തനായി തിരിഞ്ഞൊന്നു നോക്കുകപോലും ചെയ്യാതെ അച്ചൻ നടന്നു പോയി.

എല്ലാം നഷ്ടപ്പെട്ട വേദനയോടെ യുവാ ക്കൾ തരിച്ചുനിന്നു.

**ഒന്നാം ചരമവാർഷികം (10.02.2013)**



**മേരി ഐസക്**
**പ്ലാക്കിയിൽ, ചിത്രപ്പുഴ**

സന്തപ്ത കുടുംബാംഗങ്ങൾ

# എന്നെ കൂടുകളിലാക്കി



ഡോ. സിവി വി. പുലയത്ത് എം.ഡി.എസ്.

എന്നെ കൂടുകളിലാക്കി അവരൊരു പേരും ഇട്ട് വിലയും നിശ്ചയിച്ചു. വാഹനങ്ങളിൽ കയറി ഞാൻ കടകളിലേക്ക് യാത്രയായി. ഒരു കേക്ക് നിർമ്മാതാവിന്റെ ശാലയിലാണ് ഞാൻ അവസാനം എത്തിപ്പെട്ടത്. എന്റെ മകളേ, എന്റെ വേദനകൾ വീണ്ടും തുടരുകയായിരുന്നു. വെള്ളത്തിൽ നനച്ച് അവരെന്നെ ചവിട്ടി അരച്ചു. മധുരവും സുഗന്ധദ്രവ്യങ്ങളും നിറങ്ങളും കലർന്നതോടെ രൂപമാറ്റം വന്ന് ഞാനൊരു പുതിയ വസ്തു ആയി മാറി. പിന്നീട് ഉയർന്ന ഊഷ്മാവിന്റെ ഉമ്മകൾ ഏറ്റുവാങ്ങുമ്പോൾ അവരെന്നെ ആവി പുരയിലേക്ക് കയറ്റി. വേദനകൊണ്ടു പുളഞ്ഞ് കരിഞ്ഞു വികൃതമായ രൂപവുമായി ഞാൻ പുറത്തുവന്നു. നീ കണ്ട അലങ്കാരപണികളടങ്ങിയ ക്രീം തേച്ചു അവരെന്നെ സുന്ദരിയാക്കി മാറ്റി. വേദനകളുടെ ഭൂതകാലത്തിൽ നിന്നു ബാഹ്യഭംഗിയുടെ വർത്തമാനത്തിലേക്ക് ഒരു കൂടുമാറ്റം. ശ്രദ്ധയോടെ കേട്ടു നിന്ന ആ കുട്ടിയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. കാഴ്ചയിൽ സൗന്ദര്യം നിറഞ്ഞൊഴുകുന്ന ഇന്നിനു പിന്നിൽ അനേകം കഷ്ടപ്പാടുകളുടെ ഇന്നലെകൾ ഉണ്ട്. മനുഷ്യജീവനും അതുപോലെ തന്നെയാണല്ലോ. സൗഭാഗ്യത്തിന്റെ നെറുകയിലിരിക്കുന്ന ഏതൊരാൾക്കും ദു:ഖത്തിന്റെ, കഷ്ടപ്പാടിന്റെ, സഹതാപത്തിന്റെ, യാതനയുടെ എത്രയോ കഥകൾ പറയാനുണ്ട്. ആ കഥകൾക്കായി ക്ഷമയുടെ കാതുകൾ നൽകാൻ നമ്മളിൽ എത്രപേർ തയ്യാറാണ്? ചിന്തിക്കുക. കാതുകളെ തുറന്നുവയ്ക്കുക.



# വചനം ആത്മാവിന്റെ ആയുധമാണ്. വചനമാകുന്ന വാൾ എടുക്കുക

ഒ.എം.ബേബി, ഊമേലിൽ. സെന്റ് ഇഗ്നാത്തിയോസ് യൂണിറ്റ്.



ഒരു ക്രിസ്ത്യാനിയുടെ ജീവിതം നിരന്തരമായ ആത്മീയ യുദ്ധങ്ങളുടെ വിളനിലമാണ്. നമ്മുടെ ശത്രുവാകട്ടെ തിന്മയാകുന്ന പിശാചാണ്. യുദ്ധത്തിൽ ജയിക്കുവാനുള്ള നമ്മുടെ ആത്മീയ ആയുധമാണ് വചനം. ദൈവത്തിന്റെ സകല വചനങ്ങളും ശുദ്ധി ചെയ്തതാകുന്നു. തന്നിൽ ആശ്രയിച്ചിരിക്കുന്നവനു അവൻ പരിച തന്നെ. സ്നേഹിക്കുന്നവരെല്ലാം ദൈവത്തിൽനിന്നും ജനിച്ചിരിക്കുന്നു. ദൈവത്തെ അറിയുകയും ചെയ്യുന്നു. വചനം വഴി സർവ്വസ്വവും പരിപാലിച്ചു പോരുന്ന ദൈവം വചനത്താൽ സർവ്വസ്വവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. വചനം വഴി നന്മയെ സ്നേഹിക്കാനും തിന്മയെ തിരസ്കരിക്കാനുമാണു വിശുദ്ധ ഗ്രന്ഥം വഴി നമ്മെ പഠിപ്പിക്കുന്നത്. അജ്ഞതയാകുന്ന തിന്മയിൽനിന്നും പ്രകാശമാ കുന്ന നന്മയിലേക്കുള്ള വഴിയാണു വചനം. വചനത്തെ അറിയുന്നവനാകട്ടെ ദൈവത്തെ പൂർണ്ണമായി അനുസരിക്കുന്നു വിശ്വസിക്കുന്നു.

"ദൈവത്തിൽനിന്ന് ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു. ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ." യോഹ. 5.4

"വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാകുന്നു." എബ്രാ. 11.1 ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധമാകട്ടെ ഒരു സ്വകാര്യതയാണ്. അവനവന്റെ വിജയത്തിലും നേട്ടങ്ങളിലും മാത്രമൊതുങ്ങുന്നതാണ്. മനുഷ്യന്റെ ചിന്തകൾ. ലോകത്തിന്റെ രക്ഷക്കായിട്ടാണ് ക്രിസ്തു ജനിച്ചത്. അതുകൊണ്ട് ലോകത്തിന്റെ രക്ഷയ്ക്കായിട്ടുള്ള പ്രവർത്തനമാണ് യഥാർത്ഥ ക്രിസ്ത്യാനിയുടെ ദൗത്യം. വെറുക്കപ്പെട്ടവരേയും പാവപ്പെട്ടവരേയും സ്നേഹിക്കാനും അവരെക്കൊണ്ടു സമൂഹത്തിനു പ്രയോജനമുണ്ടെന്നുള്ള ബോധമുണ്ടാക്കിക്കൊടുക്കേണ്ടവരാണു യഥാർത്ഥ ക്രിസ്ത്യാനികൾ. അതിന് മനുഷ്യസ്നേഹത്തിൽ നിന്നുദിക്കുന്ന സന്തോഷവും അർപ്പണ മനോഭാവത്തോടെയുള്ള സേവനവും ആവശ്യമാണ്. അമ്മ കുഞ്ഞിനെ സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും കരുതുകയും ചെയ്യുന്നതു പോലെ തങ്ങളുടെ ക്രിസ്ത്യാനികൾ പാവങ്ങൾക്കുവേണ്ടി അനുഷ്ഠിച്ചു മനസ്സിൽ സന്തോഷം കണ്ടെത്തണം. പാവങ്ങളെ പൂർണ്ണമനസ്സോടെ ഹൃദയപൂർവ്വമായി സേവിക്കുകയും വേണം. സ്നേഹസമ്പന്നമായ ഹൃദയത്തിലും സേവനസന്നദ്ധതയുള്ള കരങ്ങളിലുമാണ് മാനസികാരോഗ്യം നിലനിൽക്കുന്നത്. മനുഷ്യ ദൗർ ബല്യങ്ങൾ ദുർഗുണങ്ങളിലേക്കു നമ്മെ ആകർഷിക്കുമ്പോൾ ഉലയിലെ സ്വർണ്ണമെന്ന പോലെ ഈ ലോകത്ത് മനുഷ്യർ വിശുദ്ധീകരിക്കപ്പെടണം. പരി ത്യജിക്കപ്പെടാനുള്ള മനസ്സില്ലായ്മയാണ് മനുഷ്യനിലെ വെറുക്കപ്പെട്ട രോഗവും. മറ്റുള്ളവരിലെ നന്മയകളെ കണ്ടെത്താതെ മറ്റുള്ളവരുടെ തിന്മകളെ എണ്ണിയെണ്ണി കുറ്റപ്പെടുത്തുന്ന രീതിയാണ് മനുഷ്യർക്കുള്ളത്. അതു പോലെ തന്നെ അയൽവീട്ടിലെ പച്ചപ്പുകൾ കണ്ട് സ്വന്തം ജീവിതത്തിലെ പച്ചപ്പുകൾ കാണാതെ പോകുന്നവരാണു നമ്മിൽ ഏറെ പേരും. ഇതാണു നമ്മുടെ ജീവിതത്തിൽ സന്തോഷവും പ്രസരിപ്പും ഇല്ലാതാക്കുന്നത്. വക്രബുദ്ധിയുള്ളവർ നന്മ കാണുകയില്ല. വികട ഹൃദയമുള്ളവർ അപകടത്തിൽ പെടുമെന്ന് ബൈബിൾ പറയുന്നു. "നിങ്ങളുടെ നടപ്പു ദ്രവ്യാഗ്രഹമില്ലാത്തതായിരിക്കട്ടെ."

ഉള്ളതുകൊണ്ടു തൃപ്തിപ്പെട്ടു ജീവിക്കുവിൻ. ഞാൻ നിങ്ങളെ ഒരു കാലത്തും കൈവിടുകയില്ല. ഉപേക്ഷിക്കുകയുമില്ലെന്നു വിശുദ്ധ ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു.

# ഓമല്ലൂർ ബാവായും കരിങ്ങാച്ചിറപ്പള്ളിയും

**ഏലിയാമ്മ സിറിയക്ക്, മോർ കൂറിലോസ് യൂണിറ്റ്**

**മൊബൈൽ – 9387955656**

തുർക്കി രാജ്യത്ത് മർദീൻ പട്ടണത്തിൽ *ശാഖീർ* എന്ന പ്രശസ്തകുടുംബത്തിൽ അബ്രാഹാം കോർ എപ്പിസ്ക്കോപ്പയുടേയും മറിയാമിന്റേയും എട്ടു മക്കളിൽ രണ്ടാമത്തെ പുത്രനായി 1867– ഒക്ടോബർ 30 ന് ഭൂജാതനായ നാസറിയാണ് പിൽക്കാലത്ത് മോറാൻ മോർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവ ആയത്. സഭയിൽ സമാധാനം പുനസ്ഥാപിക്കാനും അന്തച്ഛിദ്രങ്ങൾക്ക് ശമനമുണ്ടാക്കാനുമാണ് ദൈവത്തിൽ ശരണപ്പെട്ട് പ.ബാവാ മലങ്കരയിൽ എഴുന്നള്ളി വന്നത്.

രാജോചിത സ്വീകരണം ലഭിച്ച പ.പിതാവ് താമസിയാതെ കരിങ്ങാച്ചിറ പള്ളിയിലെത്തിച്ചേർന്നു. ആ കാലത്ത് മലങ്കര സഭയിൽ സ്തുത്യർഹമായി പ്രവർത്തിച്ചിരുന്ന രണ്ട് പ്രസ്ഥാനങ്ങളാണ് മലങ്കര സൺഡേ സ്കൂൾ അസ്സോസിയേഷനും മോർ ഗ്രിഗോറിയോസ് സിറിയൻ വിദ്യാർത്ഥി സംഘവും.

പ.പാത്രിയർക്കീസ് ബാവ രക്ഷാധികാരിയായിരുന്ന മേൽപ്പറഞ്ഞ പ്രസ്ഥാനങ്ങളുടെ വാർഷിക മഹാമഹം പ.പിതാവിന്റെ അദ്ധ്യക്ഷതയിൽ ത്തന്നെ കരിങ്ങാച്ചിറപ്പിള്ളിയിൽ വച്ച് കൂടുവാൻ ഇടയാക്കിയ ദൈവനിയോഗം പള്ളിക്ക് ലഭിച്ച വലിയ അംഗീകാരമാണ്.

ഇവിടുത്തെ താമസക്കാലത്ത് പ.പിതാവ് തൃപ്പൂണിത്തുറ കനകക്കുന്ന് (ഹിൽപാലസ്) കൊട്ടാരത്തിൽ എഴുന്നള്ളി കൊച്ചി മഹാരാജാവിനെ(പരീക്ഷിത് തമ്പുരാൻ) സന്ദർശിച്ചു. കൂടിക്കാഴ്ചക്കുശേഷം മഹാരാജാവ് വളരെ വിലപിടിപ്പുള്ള ഒരു സ്വർണ്ണമെഡൽ നൽകി ബാവായെ ആദരിച്ചു.

വലിയ നോമ്പിന്റെ അവസാനഘട്ടത്തിലായിരുന്നു ബാവാ പള്ളിമേടയിൽ താമസിച്ചത്. വിശ്വാസികളുടെ അപേക്ഷയും പള്ളികാര്യത്തിൽ നിന്നുള്ള താല്പര്യവും കണക്കിലെടുത്ത് അദ്ദേഹം കഷ്ടാനുഭാഴ്ചാ ശുശ്രൂഷകൾ നടത്തിയതിന്റെ ഭാഗമായി പെസഹാ ദിവസം കാൽ കഴുകൽ ശുശ്രൂഷയും നിർവ്വഹിച്ചു. അനുഗ്രഹപ്രദമായ ആ വിശുദ്ധ ശുശ്രൂഷയിൽ സംബന്ധിച്ച ഭക്തജനങ്ങൾ തീർച്ചയായും ഭാഗ്യവാന്മാർ തന്നെ.

പ. ബാവ ഇവിടെ താമസിച്ച അവസരത്തിൽ പല സമുദായ പ്രമാണിമാരും അദ്ദേഹത്തെ സന്ദർശിച്ചു. അദ്ദേഹത്തെ ഒരു നോക്കു കണ്ട് അനുഗ്രഹം പ്രാപിക്കാൻ വന്നവരെ ബാവ ഒരിക്കലും നിരാശപ്പെടുത്തിയില്ല. പ്രായാധിക്യം കൊണ്ടും കാലാവസ്ഥയുടെ വ്യത്യാസത്താലും ദേഹസുഖമില്ലാത്ത അവസരങ്ങളിൽ പോലും പള്ളിയകത്തുവന്ന് ധ്യാനത്തിലും സങ്കീർത്തനവായനയിലും പ്രാർത്ഥനയിലും മുഴുകി ഒരു മാതൃകാനോമ്പുകാരനായി കല്പിക്കപ്പെട്ട സമയങ്ങളിൽ കുമ്പിട്ട് നമസ്കരിക്കുന്നത് ഏവരിലും ഭക്തിസാന്ദ്രമായ അനുഭൂതി ഉളവാക്കി.

വി.കുർബ്ബാനയിൽ "ഖണ്ഡിപ്പിന്റെ സമയത്ത്" മറയിട്ടിരിക്കുമ്പോൾ അല്പനേരം മറുവഹസായും കൈമണിയും കിലുക്കുന്നത് "മിശിഹാക ബറിൽ നിന്നും ഉയിർത്തു" എന്ന് പട്ടക്കാരൻ തിരുശരീരം ഉയർത്തി പറയുമ്പോഴാണ്. ഈ സമയത്ത് മണി കിലുക്കണം എന്നത് പ.പിതാവാണ് കരിങ്ങാച്ചിറപ്പള്ളിയിൽവച്ച് ഇദംപ്രഥമമായി കല്പിച്ചത്. നടപ്പിലാക്കിയത്.

കരിങ്ങാച്ചിറപ്പള്ളി മാളികയിൽ താമസിക്കുന്ന കാലത്ത് ബാവായ്ക്ക് പല്ലുവേദന വരുകയും ഇച്ചിക്കോട്ടിൽ ബഹു. സ്കറിയാ കത്തനാർ (ഇച്ചിക്കോട്ടിലച്ചൻ) എറണാകുളത്തുനിന്ന് ദന്തഡോക്ടറെ കൊണ്ടുവന്ന് പല്ലെടുപ്പിക്കുകയും ചെയ്തു. മുക്കടയ്ക്കൽ ശ്രീ പൈലിയുടെ വീട്ടിൽ (കുരിശുങ്കൽ പൈലിച്ചേട്ടൻ) ഈ പല്ല് ഒരു തിരുശേഷിപ്പായിട്ട് ഏറെക്കാലം ഭക്ത്യാദരവോടെ സൂക്ഷിച്ചിരുന്നു. എന്നാൽ വേളൂർ പള്ളി ഇടവകയിലെ വിശ്വാസികളുടെ അപേക്ഷയെ മാനിച്ച് കരിങ്ങാച്ചിറ ഇടവകയിലെ വൈദികരുടെ നിർദ്ദേ

ശാനുസരണം അമ്മഞ്ചേരിൽ ബഹു. കുര്യാക്കോസ് കത്തനാരുടെ (അമ്മഞ്ചേരിലച്ചൻ) നേതൃത്വത്തിൽ ഭക്തിനിർഭരമായി ആഘോഷപൂർവ്വം തിരുശേഷിപ്പ് കൊണ്ടുപോയി വേളൂർ മൊണ്ട് സാഖാ പള്ളിയിൽ സ്ഥാപിച്ചു. ഇടവകയിലെ വിശ്വാസികളും ഭക്തരായ സമീപവാസികളും ജാതിമതഭേതമെന്യെ അത്യാദരവോടെ തിരുശേഷിപ്പ് വണങ്ങി ബാവയുടെ മദ്ധ്യസ്ഥപ്രാർത്ഥനകളിലൂടെ ആശ്വാസം കണ്ടെത്തി അനുഗ്രഹം പ്രാപിക്കുന്നു എന്നത് നന്ദിയോടെ അനുസ്മരിക്കുന്നു.

പ.ബാവാ കഷ്ടാനുഭ ആഴ്ചക്രമങ്ങൾ ഈ പള്ളിയിൽ വച്ചു നടത്തിയ കാലയളവിൽ മലങ്കര മല്പാൻ ഡോ.കുര്യൻ കോറെപ്പിസ്ക്കോപ്പ (കഠിയാമ്പറമ്പിലച്ചൻ) പള്ളിയിലെ ഗായകസംഘത്തിന് ഭക്തസാന്ദ്രമായ നേതൃത്വം നൽകിയ വന്ദ്യനായ കെ.എസ്. പൗലോസ് കോറെപ്പിസ്ക്കോപ്പ യാക്കോബായ സഭയിലെ *അന്ധഗായകൻ* എന്ന് പരിശുദ്ധ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ വിശേഷിപ്പിച്ച തോമാട്ടേൽ ആശാൻ എന്നിവർക്ക് പരിശുദ്ധ പിതാവിനെ ശുശ്രൂഷിപ്പാനും ശുശ്രൂഷകളിൽ സംബന്ധിക്കുവാനും ഏതാനും സുറിയാനിഗീതങ്ങൾ പഠിക്കുവാനും ദൈവനിയോഗം ലഭിച്ചു എന്ന് സാന്ദർഭികമായി കുറിക്കട്ടെ.


മലങ്കരയിലെ യാക്കോബായ സുറിയാനി സഭയ്ക്ക് ലോകത്തിലെ മറ്റൊരു സഭാവിഭാഗത്തിനും ലഭിച്ചിട്ടില്ലാത്ത നിസ്തുലഭാഗ്യം കൈവന്നിട്ടുണ്ട്. സഭയുടെ പരമാദ്ധ്യക്ഷന്റെ തിരുശേഷിപ്പുകൾ മലങ്കരസഭയ്ക്കല്ലാതെ മറ്റൊരു പ്രാദേശിക സഭയ്ക്കും ലഭിച്ചിട്ടില്ല. പരുശുദ്ധ പാത്രിയർക്കീസ് ബാവാമാരിൽ ഉന്നതസ്ഥാനത്ത് നിലകൊള്ളുന്ന പരിശുദ്ധ ഏല്യാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ തിരുശേഷിപ്പുകൾ സഭയുടെ അമൂല്യ നിക്ഷേപമായി സ്ഥിതിചെയ്യുന്നു.

ഓമല്ലൂർ ബാവായുടെ കബറിങ്കൽ നോമ്പാലും ഉപവാസത്താലും തിരുശേഷിപ്പുകൾ വണങ്ങാൻ നൽകപ്പെടുന്ന ദൈവകൃപക്ക് പ്രാർത്ഥനയി ലൂടെ നന്ദിയുടെ പൂച്ചെണ്ടുകൾ അർപ്പിക്കുന്നു. ആ വിശുദ്ധ പിതാവിന്റെ മദ്ധ്യസ്ഥത നമുക്ക് എന്നെ ന്നും കാവലും കോട്ടയും ആകണമെ എന്ന് അപേക്ഷിക്കുന്നു.



## വാർത്തകൾ

### ബി. ഗ്രേഡ് ലഭിച്ചു.



കോഴിക്കോട് വച്ചു നടന്ന സംസ്ഥാന പ്രവൃത്തി പരിചയമേളയിൽ ബീഡ്സ് വർക്കിന് ബി ഗ്രേഡ് ലഭിച്ച **സിനു സാറ മാർക്സ്** പള്ളിവാതുക്കൽ കാഞ്ഞിരമറ്റം സെന്റ് ഇഗ്നേഷ്യസ് ഹയർ സെക്കന്ററി സ്കൂൾ 12-ാം ക്ലാസ്സ് വിദ്യാർത്ഥിനിയാണ്. കത്തീഡ്രലിലെ മോർ സേവോറിയോസ് കുടുംബയൂ ണിറ്റ് അംഗമാണ്.

### ക്രിസ്തുമസ്സ് ന്യൂ ഇയർ ആഘോഷിച്ചു.

കരിങ്ങാച്ചിറ കത്തീഡ്രൽ ബെത്സെയ്ദാ കുടുംബയൂണിറ്റ് 11-01-2013 വെള്ളിയാഴ്ച വൈകിട്ട് ചാമേലിൽ ശ്രീ. റ്റി.പി. പൈലിയുടെ ഭവനത്തിൽ വച്ച് ക്രിസ്തുമസ് ന്യൂ ഇയർ ആഘോഷിച്ചു. യേശുവിന്റെ ജനനം സംബന്ധിച്ച സ്കിറ്റും വിവിധ കലാപരിപാടികളും നടത്തപ്പെട്ടു. റവ.ഫാ. ഷമ്മി ജോൺ എരമംഗലത്ത് ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു.

ബെത്സെയ്ദാ കുടുംബയൂണിറ്റിന്റെ ഫെബ്രുവരി മാസത്തെ യോഗം 22-02-2013 വെള്ളിയാഴ്ച വൈകിട്ട് 6 മണിക്ക് പാലക്കാട്ട് ശ്രീ. പത്രോസിന്റെ (കുക്കു) ഭവനത്തിൽ വച്ച് നടത്തപ്പെടുന്നു.

### കൊരട്ടി കുഷ്ഠരോഗ ആശുപത്രി സന്ദർശനം

നമ്മുടെ ദൈവാലയത്തിൽ പ്രവർത്തിക്കുന്ന വിവിധ ഭക്തസംഘടനകളുടെ നേതൃത്വത്തിൽ ഈസ്റ്റർ ദിനത്തിൽ കൊരട്ടി കുഷ്ഠരോഗ ആശുപത്രി സന്ദർശിക്കുന്നു. ഈ അവസരത്തിൽ രോഗികൾക്കുവേണ്ടി പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും അവർക്ക് മരുന്നുകളും വസ്ത്രങ്ങളും ഭക്ഷണവും മറ്റും നൽകുകയും ചെയ്യും. സംഭാവന നൽകുവാനുള്ള സൗകര്യം പള്ളി ഓഫീസിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞവർഷം ഈ ആവശ്യത്തിലേക്ക് ലഭിച്ച രൂപ ഉപയോഗിച്ച് രോഗികൾക്ക് ആവശ്യമുള്ള കാര്യങ്ങൾ ചെയ്തു കൊടുത്തു. കഴിഞ്ഞവർഷങ്ങളിലെപ്പോലെതന്നെ എല്ലാവരുടെയും സഹായസഹകരണം അഭ്യർത്ഥിക്കുന്നു.

### കരിങ്ങാച്ചിറ കൺവൻഷൻ 2013

**നമ്മുടെ കത്തീഡ്രലിൽ എല്ലാ വർഷവും വലിയ നോമ്പിനോട് അനുബന്ധിച്ച് നടത്തിവരാറുള്ള കൺവൻഷൻ ഈ വർഷവും മാർച്ച് 17 മുതൽ ആരംഭിക്കുന്നതാണ്. വിശദമായ നോട്ടീസ് ഓഫീസ് മുഖേന ലഭിക്കുന്നതാണ്.**

**10-ാം ചരമവാർഷികം**
**(16. 02. 2013)**



**ഐ. കെ. മത്തായി**
**ഇല്ലിയ്ക്കൽ (വീട്), ഇരുമ്പനം**
**സന്തപ്തകുടുംബാംഗങ്ങൾ**

# നമ്മുടെ കത്തീഡ്രലിൽ ഇടവകസംഗമം വർണ്ണശോഭയിൽ

കുടുംബ ബന്ധങ്ങളിൽ വന്നിട്ടുള്ള പ്രശ്നങ്ങൾക്ക് കാരണം ദൈവമനുഷ്യ ബന്ധത്തിൽ വന്നിട്ടുള്ള തടസ്സമാണെന്ന് തിരിച്ചറിയുകയും ദൈവത്തോട് ചേർന്നു ജീവിക്കുമ്പോൾ കുടുംബജീവിതത്തിൽ സമാധാനവും ശാന്തിയും ഉണ്ടാകുമെന്നും കൊച്ചി ഭദ്രാസനാധിപൻ ജോസഫ് മോർ ഗ്രീഗോറിയോസ് പറഞ്ഞു. കരിങ്ങാച്ചിറ സെന്റ് ജോർജ്ജ് യാക്കോബായ കത്തീഡ്രലിൽ നടന്ന ഇടവക സംഗമം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു മെത്രാപ്പോലീത്ത. ചടങ്ങിൽ വികാരി ഫാ. വർഗീസ് പുലയത്ത് അദ്ധ്യക്ഷത വഹിച്ചു. പരിശുദ്ധ പാത്രിയർക്കീസ് ബാവയിൽ നിന്നും കമാണ്ടർ സ്ഥാനം ലഭിച്ച മന്ത്രി അനൂപ് ജേക്കബിനെയും, ഓഡിറ്റർ ആർ. കൃഷ്ണ അയ്യരെയും വിവിധ പരീക്ഷകളിൽ ഉന്നത വിജയം നേടിയ നാൻസി ആൻപോൾ, റെജിൻ ബേബി, അക്ഷയ് പ്രസാദ്, അന്ന കരിമാങ്കുളം, എൽസ അലക്സ്, അന്ന ടിങ്കിൾ മാത്യു, നീരജ് റെയ്ച്ചൽ ഹണി, മരിയ വർഗീസ്, അശ്വിൻ പോൾ, നീനആൻ സാബു, മഞ്ജു ഏലിയാസ്, ഗ്രിഗറി എസ് മതിലോടത്ത് എന്നിവരെ ചടങ്ങിൽ ആദരിച്ചു. ജോസ് കെ. മാണി എം. പി., ഫാ. റോയി പോൾ വെട്ടുകാട്ടിൽ, ഫാ. ഷമ്മി ജോൺ എരമംഗലത്ത്, എം. വി. എബ്രഹാം, ജോജി പീറ്റർ, എൻ. വി. പൗലോസ് എന്നിവർ പ്രസംഗിച്ചു. കുടുംബയൂണിറ്റുകളുടെ നേതൃത്വത്തിൽ നടന്ന വർണ്ണശബളമായ റാലിയിൽ നൂറ് കണക്കിന് വിശ്വാസികൾ പങ്കെടുത്തു. കുടുംബയൂണിറ്റ് അവതരിപ്പിച്ച വിവിധ കലാപരിപാടികളും നടന്നു.









# സ്വാന്തനമായ് കരിങ്ങാച്ചിറ മെഡിക്കൽ ടീം









മഞ്ഞിനിക്കര കാൽനട തീർത്ഥാടകർക്ക് ആശ്വാസമേകുവാൻ നമ്മുടെ യൂത്ത് അസോസിയേഷൻ മെഡിക്കൽ ടീം രാവും പകലുമായി സേവനപാതയിൽ മുഴുകി നിന്നു. ഏകദേശം 30,000 രൂപയുടെ മരുന്നുകൾ ഈ സംരംഭത്തിനായി വിനിയോഗിച്ചു. സെക്രട്ടറി ശ്രീ. ഏൽദോ ബേബിയുടെ നേതൃത്വത്തിൽ, ശ്രീമാൻമാരായ സെജു പോൾ, ജിജോ മാത്യു, അനീഷ് ബേബി, ലിജു പട്ടശ്ശേരിൽ, സാജു സി.വി., എന്നിവർ അഹോരാത്രം പ്രവർത്തിക്കുകയുണ്ടായി.



**മഞ്ഞനിക്കര തീർത്ഥയാത്രയ്ക്ക് നമ്മുടെ കത്തീഡലിൽ നിന്നും ബസ്സിൽ ഉണ്ടായിരുന്ന വിശ്വാസികൾക്ക് ഉച്ചഭക്ഷണം നൽകിയപ്പോൾ**

# കുടുംബയൂണിറ്റ് വാർത്തകൾ

## മുരിയമംഗലം സേവേറിയോസ് കുടുംബയൂണിറ്റ്

സെക്രട്ടറി : സൈജു, ഞാളിയത്ത്
വനിതാ സെക്രട്ടറി : റൂബി രാജു, കോക്കട
കുട്ടികളുടെ സെക്രട്ടറി : സിജോ ഷാജൻ, മുക്കടയിൽ
ബ്രിന്റ സാബു, ഞാളിയത്ത്
കമ്മിറ്റിയംഗങ്ങൾ : എൻ. ജെ. തോമസ് ഞാളിയത്ത്,
അനി കാട്ടേത്തുകുഴി,
ഏലിയാമ്മ ഐസക്
മോളത്തുപറമ്പിൽ,
മോളി വർഗീസ് കോക്കട.
ഓഡിറ്റർ : ബിനു തട്ടാംപുറത്ത്
അടുത്ത യോഗം : ശോശാമ്മ ഡാർവിൻ,
ശാലോംകുന്ന് വീട്, മുരിയമംഗലം

## കക്കാട് മോർ ഗ്രീഗോറിയോസ് കുടുംബയൂണിറ്റ്

സെക്രട്ടറി : ഷിജി ജോയി മഠത്തിപ്പറമ്പിൽ
ജോ. സെക്രട്ടറി : സാബു എം. വി. മഠത്തിപ്പറമ്പിൽ
മോർ ഗ്രിഗോറിയോസ് കുടുംബയൂണിറ്റിന്റെ അടുത്തയോഗം 22.02.2013 വെള്ളിയാഴ്ച ജോയി എം. വി. മഠത്തിപ്പറമ്പിൽ.

## സെന്റ് ജോൺസ് കുടുംബയൂണിറ്റ് ഇരുമ്പനം

കോ- ഓർഡിനേറ്റർ : ടി. വി. പൗലോസ്
സെക്രട്ടറി : പി. പി. കുര്യൻ
വനിത സെക്രട്ടറി : ലിസി മാത്യു
യുത്ത് സെക്രട്ടറി : അഡ്വ. അനൂപ് ടി. പോൾ
കമ്മിറ്റി അംഗങ്ങൾ : ഷാജി പോൾ,
എം. എം. ചെറിയാൻ, ജാൻസി രാജീവ്, അന്നക്കുഞ്ഞ് ജോൺ

## സെന്റ് ഇഗ്നാത്തിയോസ് കുടുംബയൂണിറ്റ്

സെക്രട്ടറി : ഒ. എം. വർഗീസ്, ഒറ്റനാങ്കൽ
ജോ. സെക്രട്ടറി : മോളി സാജു, ഞാളിയത്ത്
യൂത്ത് സെക്രട്ടറി : ബേസിൽ ഷാജി
ബാലസെക്രട്ടറി : ഷെറിൻ മനോജ്
കമ്മിറ്റി അംഗങ്ങൾ : ജോജി പീറ്റർ, പി.ഐ. ജോസഫ്,
ഇ. ജെ. രാജു, മോളി ജോസ്, ഡോളി പൗലോസ്
ഓഡിറ്റർ : ബെന്നി മാത്യു
08.02.2013 വെള്ളിയാഴ്ച എം. സി. ജോസ് മൈക്കാട്ടിൽ വീട്ടിൽ വച്ച് അടുത്തയോഗം

## ഇസ്രായേൽ കുടുംബയൂണിറ്റ്

ജനറൽ സെക്രട്ടറി : കുമാരി. ആൻസി തമ്പി
ജോ. സെക്രട്ടറി : ശ്രീ. അനിൽ സി പീറ്റർ
യൂത്ത് സെക്രട്ടറി : ശ്രീമതി സോണി റെജി
ബാല സെക്രട്ടറി : ശ്രീ. സോണി സ്കറിയ
ഓഡിറ്റർ : എം. ഐ. പൗലോസ്
കമ്മിറ്റി മെമ്പേഴ്സ് : ശ്രീമതി മിനി ചാക്കോ, സാറാമ്മ തോമസ്, സി. വി. ജേക്കബ്

## മോർ പോളികോർപ്പസ് കുടുംബയൂണിറ്റ്, ചിത്രപ്പുഴ

സെക്രട്ടറി : കെ.സി. വർഗ്ഗീസ്
വനിത : ലീലാ പീറ്റർ
യൂത്ത് : ബേസിൽ പീറ്റർ
കുട്ടി : അഞ്ജു പൗലോസ്
അടുത്ത യോഗം25 - 02 - 2013 തീയതി വൈകിട്ട് വെണ്ടറപ്പിള്ളിൽ ശ്രീ സെജു പോളിന്റെ ഭവനത്തിൽ വച്ച്

## മാർ കുറിയാക്കോസ് കുടുംബയൂണിറ്റ് – കരിങ്ങാച്ചിറ

2013 ലെ കുടുംബയൂണിറ്റ് ഭാരവാഹികൾ
സെക്രട്ടറി : ശ്രീ. എം.പി. വർഗ്ഗീസ് (മോനി)
ജോയിന്റ് സെക്രട്ടറി : ശ്രീമതി ലിസ്സി സാബു
ട്രഷറർ : ശ്രീ. ഏലിയാസ് ഒ.യു.
കമ്മിറ്റി അംഗങ്ങൾ : ഷെവലിയാർ ശ്രീ. സി.യു.
ജോൺ, ശ്രീ. പി.പി. മാത്യു ജീരംകുഴിയിൽ, ശ്രീമതി ബിന്ദു റെജി
യൂത്ത് സെക്രട്ടറി : കുമാരി ഷെൽബി മാത്യു,
മാരിപ്പടയിൽ
ശിശുവിഭാഗം സെക്രട്ടറി : ആൽബിൻ അജി പറപ്പിള്ളിൽ
2013 ജനുവരി 20 - ാം തീയതി നടന്ന കുടുംബസംഗമറാലിയിൽ ഈ യൂണിറ്റിന് രണ്ടാം സ്ഥാനം ലഭിച്ചു. അതുപോലെ ടാബ്ലോക്ക് 3 - ാം സ്ഥാനവും ലഭിച്ചു. റാലിയിലും ടാബ്ലോയിലും സഹകരിച്ച എല്ലാ കുടുംബയൂണിറ്റ് അംഗങ്ങൾക്കും നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു. എന്ന് സെക്രട്ടറി മാർ കൂറിലോസ് കുടുംബയൂണിറ്റ്, കരിങ്ങാച്ചിറ

## മോർ ബസ്സേലിയോസ് കുടുംബയൂണിറ്റി കക്കാട്

സെക്രട്ടറി : ടി. വൈ. എൽദോസ്
വനിത സെക്രട്ടറി : എലിസബത്ത് ജോണി
യൂത്ത് സെക്രട്ടറി : ലിൻസി വർഗീസ്
ബാല സെക്രട്ടറി : അലീനപൗലോസ്
കമ്മിറ്റിയംഗങ്ങൾ : റ്റി. വൈ. സ്ലീബാച്ചൻ,
ഒ. എസ്. ജോളി, പി. പി. ജോർജ്ജ്, ഷീന റെജി, തങ്കമ്മ വർഗീസ്
ഓഡിറ്റർ : ഒ. ജെ. ജോണി

**കവിത**

# അമ്മ

സാറാമ്മ തോമസ്സ് ഇസ്രായേൽ
കുടുംബയൂണിറ്റ്

അമ്മേ, ജഗദ്ഗുരുതന്നമ്മേ
നിൻ ജന്മമെത്രയോ ധന്യം
കന്യയാം നീ സ്വയമർപ്പിച്ചു
കർത്താവിൻ ഹിതം നിറവേറ്റാൻ
എത്രയും ശ്രേഷ്ഠമാം കർമ്മം നീ
ശിരസ്സാ വഹിച്ചു മാനവർക്കായ്
സർവ്വം സഹിച്ച സധൈര്യം
നിന്നോമനപുത്രനു വേണ്ടി
സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ നീ
എത്രയോ ശ്രേഷ്ഠം നിൻ താഴ്മ
നിന്നെ സ്മരിപ്പോർക്കേകിടൂ നീ
സർവ്വ സഹനത്തിൻ ശക്തി
കാലം മറക്കാത്ത ത്യാഗം നീ
കാലത്തികവിന്റെ പുണ്യം നീ
കാലാന്തരേ നിന്റെ ഓർമ്മ
ഭക്തർക്കു കുളിരേകിടുന്നു.

# ST.GEORGE JACOBITE SYRIAN CATHEDRAL, KARINGACHIRA

## FAMILY UNIT

| SlNo | Name | Designation | Phone No |
|---|---|---|---|
| 1 | Fr: Varghese Pulayath | President | 9447154773 |
| 2 | Fr.Roy Paul | Vice President | 9895466058 |
| 3 | Fr.Shammy John | Vice President | 9995882299 |
| 4 | M.V Abraham | Vice President | 0484-2776152 |
| 5 | Gogi Peter | Trustee | 9447219799 |
| 6 | N.V Paulose | Trustee | 9995454896 |
| 7 | I.K.George | Chief Co-Ordinator | 9744002616 |


## Co- Ordinators, Secretary

| | | | | |
|---|---|---|---|---|
| | T.V Paulose | Co-ordinator | Karingachira A& B, Irimpanam | 9446088655 |
| 1 | Binu M.P | Secretary | Mor- Kurilose | 9995479056 |
| 2 | Ancy Thampi | Secretary | Israyel | 9539676823 |
| 3 | Kurian P.P | Secretary | St.Johns | 9249345197 |
| 4 | Ruthamma Mathew | Secretary | St.Peter's | 9495840706 |
| 5 | Varghese M.P | Secretary | St.Kuriakose | 9446082457 |
| | I.K Thomas | Co-ordinator | Thiruvankulam A Chithrapuzha | 9447802433 |
| 6 | M.P. Mathew | Secretary | Batsaida | 9048022379 |
| 7 | Thampi.P.A | Secretary | Mor Staphonose | 9446865723 |
| 8 | Saju M.P | Secretary | Mor. Aphram | 9947283325 |
| 9 | Varghese K.C | Secretary | Mor. Polycarpus | 9446015550 |
| | Jose P Mathews | Co-ordinator | Thiruvankulam B&C | 9495587481 |
| 10 | James Mathews Malayil | Secretary | Mount Karmel | 9544351434 |
| 11 | Baby N.M | Secretary | Nasarath | 9447591206 |
| 12 | Chacko Pulimootil | Secretary | Mount Hebron | 9847731241 |
| | N.P George | Co-ordinator | Kureekad, Kadungamangual, Chottanikkara | 9142444940 |
| 13 | Varkey T.V | Secretary | Mor Bersouma | 9446441780 |
| 14 | Nelson George | Secretary | Mor-Kouma | 9447464941 |
| 15 | Saince Chandanathil | Secretary | St.Paul's | 8086395935 |
| | Jose P.V | Co-ordinator | Kakkad, Muriyamangalam | 9496712066 |
| 16 | Eldhose T.y | Secretary | Mor Basalious | 9544933267 |
| 17 | Shiji Joy | Secretary | Mor Gregorious | 9645385157 |
| 18 | Varghese O.M | Secretary | St.Ignatious | 0484-2786271 |
| 19 | Shaiju | Secretary | Mor Savarious | 9497814352 |
| | Gigi Paul | Co-ordinator | Venmani, Mattakuzhi | 9895763040 |
| 20 | Babu M.V | Secretary | St.Mary's | 9387485104 |
| 21 | Joy M.P | Secretary | Badaniya | 9895661680 |
| 22 | Alias P.J | Secretary | Mor Mikayal | 9539820647 |
| | Varkey Ittapiri | Co-ordinator | Kuzhikkad,vellor,Adoor | 9846433582 |
| 23 | Raju M.P | Secretary | St.Jacob | 9495189890 |
| 24 | Babu C Peter | Secretary | St.Joseph | 9895178119 |
| 25 | Tinu Manalil | Secretary | Mount Thabor | 8129755960 |

# പാവനസ്മരണയ്ക്ക്

**17-ാം ചരമവാർഷികം**
**17.02.1996**

**1-ാം ചരമവാർഷികം**
**21.12.2011**







## തോമസ്

## ഏലമ്മ തോമസ്


# പട്ടശ്ശേരിൽ

## തിരുവാങ്കുളം

**സന്തപ്തകുടുംബാംഗങ്ങൾ**

# വാടകയ്ക്ക്

## പുല്ലുവെട്ടി
## മിനി ടില്ലർ
## 2 HP പമ്പ് സെറ്റ്
## ജെറ്റ് വാഷർ



**പാലത്തിങ്കൽ സർവ്വീസസ്**

**Mob : 9497796597**

Chief Editor: Eldho George, Printed & Published by : Shiju P.K. Mob: 9895087333
for Youth Association, St. George Jacobite Syrian Cathedral, Karingachira, Irimpanam P.O., Ph: 0484 2777877
E-mail: georgianvoice@stgeorgecathedral.in
Printed at: Color World Offset Printers, Vettikulam, Mulanthuruthy. Ph: 94475 74356